"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിശാല കൊച്ചി വികസന അതോറിറ്റിയ്ക്കുവേണ്ടി സുപ്രീം കോടതിയിൽ ഹാജരായ അഭിഭാഷകന് അതോറിറ്റി ഫണ്ടിൽ നിന്നും 1,21,000/- രൂപ വക്കീൽ ഫീസായി നൽകിയ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.614/2025/LSGD തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:- 1. 18.02.2016 തീയതിയിലെ സ.ഉ(എം.എസ്) നം.36/2016/തസ്വഭവ

2. 18.11.2024, 20.12.2024 തീയതികളിലെ വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 330/എൽ.ഒ/2011/ജിസിഡിഎ നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

വിശാല കൊച്ചി വികസന അതോറിറ്റി സുപ്രീം കോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി. നമ്പർ 5665/2012 പെറ്റീഷനിൽ അതോറിറ്റിയ്ക്കുവേണ്ടി ഹാജരായ അഡ്വ. സുദർശ് മേനോൻ എന്നവർക്ക് വക്കീൽ ഫീസിനത്തിൽ 1,21,000/- രൂപ അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരത്തോടെ അനുവദിച്ചുനൽകിയിട്ടുണ്ടെന്നും ആയതിന് സർക്കാർ തലത്തിൽ സാധൂകരണം ലഭ്യമാക്കണമെന്നും വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻ പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കേസുകൾ നടത്തുന്നതിനുള്ള വക്കീൽ ഫീസ് നിശ്ചയിച്ചിരിക്കുന്ന പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശാല കൊച്ചി വികസന അതോറിറ്റി സുപ്രീം കോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി. നമ്പർ 5665/2012 പെറ്റീഷനിൽ അതോറിറ്റിയ്ക്കുവേണ്ടി ഹാജരായ അഡ്വ. സുദർശ് മേനോൻ എന്നവർക്ക് വക്കീൽ ഫീസിനത്തിൽ 1,21,000/- രൂപ അനുവദിച്ചുനൽകിയ ജിസിഡിഎ-യുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര-പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA3/160/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

സെക്ഷൻ ഓഫീസർ

Date: 05-03-2025 14:47:32